# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

M.Sc Hotel Management & Tourism പ്രോഗ്രാമിന്റെ പേര് മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (MHM) എന്നാക്കി മാറ്റണമെന്ന വിദഗ്ദസമിതി നിർദ്ദേശം - സ്റ്റാൻഡിങ്ങ് കമ്മിറ്റി അക്കാദമിക് കൗൺസിൽ ശുപാർശകളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക്ക് എ9 സെക്ഷൻ

സ.ഉ.നം.4398/AcAIX/2/MScHm&T/2017 തീയതി, പി.ഡി.ഹിൽസ്, 18.07.2017

---

സൂചന:-1) ശ്രീ.ടിസ്സൻ തച്ചങ്കരി, മാനേജർ, മൗണ്ട് റോയൽ കോളേജ്, മൂന്നാർ, സമർപ്പിച്ച 16/03/2016 ലെ കത്ത്.

2) 01/08/2016 ൽ സർവ്വകലാശാലയിൽ കൂടിയ വിദഗ്ദസമിതി- M.Sc Hotel Management & Tourism യോഗം.

3) 28/02/2017 തീയതിയിലെ ശ്രീ.ടിസ്സൻ തച്ചങ്കരി, മാനേജർ, മൗണ്ട് റോയൽ കോളേജ് സമർപ്പിച്ച കത്ത്.

4) 06.05.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഐറ്റം നമ്പർ 106/AC17/17175..

5) 28.06.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 12(106/AC17/17175)

## ഉത്തരവ്

സൂചന (1) പ്രകാരം മാനേജർ, മൗണ്ട് റോയൽ കോളേജ്, M.Sc Hotel Management &Tourism പ്രോഗ്രാമിന്റെ പ്രവേശന യോഗ്യത 40% മാർക്കോടു കൂടിയ ഏതെങ്കിലും ബിരുദം എന്നാക്കി മാറ്റണമെന്നാവശ്യപ്പെട്ടിരുന്നു. നിലവിൽ സർവ്വകലാശാലാ ഉത്തരവ് നമ്പർ 5098/AC AIX/2/2015/Acad തിയതി 3/09/2015 പ്രകാരം M.Sc Hotel Management &Tourism പ്രോഗ്രാമിന്റെ അംഗീകൃത പ്രവേശന യോഗ്യത താഴെ പറയും പ്രകാരമാണ്.

"Graduation in Science with not less than CGPA 2.00 out of 4 in Core Group(Core+ Complementary+ Open Courses) or Graduation in Science with not less than 50% marks in Part III Subjects(Main/Core + Subsidiaries/Complementaries)."

സൂചന (2) പ്രകാരം സർവ്വകലാശാലയിൽ കൂടിയ വിദഗ്ദസമിതി- M.Sc Hotel Management & Tourism ,ജൂലൈ 5,2014 ഗവൺമെന്റ് ഓഫ് ഇൻഡ്യ ഗസറ്റ് പ്രകാരം UGC യുടെ അംഗീകൃത സവിശേഷ ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾ ഹോട്ടൽ മാനേജ്മെന്റിൽ - MHM(Master of Hotel Management) ഉം MHMCT(Master of Hotel Management and Catering Technology) ആയതിനാൽ 2017-2018 അഡ്മിഷൻ മുതൽ M.Sc Hotel Management &Tourism പ്രോഗ്രാമിന്റെ പേര് MHM(Master of Hotel Management) എന്നാക്കി മാറ്റണമെന്ന് നിർദ്ദേശിച്ചു. കൂടാതെ ടി. പ്രോഗ്രാമിന് ചേരുവാൻ വേണ്ട പ്രവേശന യോഗ്യത താഴെ പറയും പ്രകാരം വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

a) "A Degree in Hotel Management/Hospitality Management in 10+2+3 pattern with a minimum of 45% marks in aggregate or its equivalent degree from any other University "

b) Graduation in any discipline with a minimum of 45% marks awarded by Mahatma Gandhi University or its equivalent degree along with a one year Diploma in Hotel Management / Hospitality Management awarded by Mahatma Gandhi University or its equivalent/ State Board of Technical Education/National Council for Hotel Management and Catering Technology".

MHM കോഴ്സ് തുടങ്ങുന്നതിനായി AICTE അംഗീകാരം ആവശ്യമാണ്. 8/11/2016 ലെ ബഹു.വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം വിദഗ്ദസമിതിയുടെ M.Sc Hotel management &Tourism പ്രോഗ്രാം MHM കോഴ്സ് എന്നാക്കി മാറ്റുന്നത് സംബന്ധിച്ച നിർദ്ദേശം മാനേജർ, മൗണ്ട് റോയൽ കോളേജിനെ അറിയിച്ചു.

സൂചന (3) പ്രകാരം മാനേജർ, മൗണ്ട് റോയൽ കോളേജ് MHM കോഴ്സിന്റെ പ്രവേശന യോഗ്യത 45% മാർക്കോടുകൂടി ഏതെങ്കിലും ബിരുദം എന്നാക്കി മാറ്റണമെന്ന് ആവശ്യപ്പെട്ട് വീണ്ടും അപേക്ഷ നൽകി. എന്നാൽ 1/08/2016 ൽ കൂടിയ വിദഗ്ദ സമിതി യുടെ നിർദ്ദേശങ്ങൾ സർവ്വകലാശാല അംഗീകരിച്ച് നടപ്പാക്കിയിട്ടില്ല. അതിനാൽ 1/08/2016 ൽ കൂടിയ വിദഗ്ദസമിതിയുടെ പ്രോഗ്രാമിന്റെ പേര് മാറ്റം അടക്കമുള്ള നിർദ്ദേശങ്ങളും മാനേജർ, മൗണ്ട് റോയൽ കോളേജ് സമർപ്പിച്ച യോഗ്യത ഇളവിനുള്ള അപേക്ഷയും 29/3/2017 ലെ വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രോ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു.

സൂചന (4) പ്രകാരം 06.05.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങളും മാനേജർ, മൗണ്ട് റോയൽ കോളേജ് സമർപ്പിച്ച യോഗ്യത ഇളവിനുള്ള അപേക്ഷയും "അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു."

സൂചന (5) പ്രകാരം 28.06.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം താഴെ പറയും പ്രകാരം തീരുമാനമെടുത്തു.

"എം.എസ്.സി.ഹോട്ടൽ മാനേജ്മെന്റ് & ടൂറിസം വിദഗ്ദസമിതി നിർദ്ദേശമനുസരിച്ച് എം.എസ്.സി.ഹോട്ടൽ മാനേജ്മെന്റ് & ടൂറിസം പ്രോഗ്രാമിന്റെ പേര് മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് എന്നാക്കി മാറ്റുന്നതിന് ശുപാർശ ചെയ്യുന്നു.

ടി പ്രോഗ്രാമിന്റെ മിനിമം പ്രവേശനയോഗ്യത സയൻസിൽ 50% മാർക്കോടെയും (Part III Main/Core + Subsidiaries/Complementaries) സയൻസിതര വിഷയങ്ങളിൽ 45% മാർക്കോടെയും (Part III Main/Core + Subsidiaries/Complementaries) അല്ലെങ്കിൽ തത്തുല്യ ഗ്രേഡോടു കൂടിയ (Core+Complementary+Open Course) ബിരുദം എന്നാക്കി നിശ്ചയിക്കുന്നതിനും ശുപാർശ ചെയ്യുന്നു".

ടി നിർദ്ദേശം മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 ചാപ്റ്റർ 3.10(17) വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കൊണ്ട് ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സതീഷ് ചന്ദ്രൻനായർ പി.എസ്
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്ക്)
രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്

1. വി.സി യുടെ പി.എസ്.
2. പി.വി.സി യുടെ പി.എസ്.
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ.
4. മാനേജർ, മൗണ്ട് റോയൽ കോളേജ്.
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്).
6. ജെ.ആർ/ഡി.ആർ/എ.ആർ (പിജി- പരീക്ഷാവിഭാഗം)
7. EB IX സെക്ഷൻ,
8. എ.സി.സി സെക്ഷൻ/ സിസ്റ്റം അഡ്മിൻ.
9. എ.സി.എ I/എ.സി.എVII സെക്ഷൻ/എസി.ബി.VI/എസി.ബി.VII
10. കണ്ടെന്റ് മാനേജ്മെന്റ്/ഐ.ക്യു.എ.സി.
11. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: AcAIX/2/M.Sc HM&T/2016